**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 571**

**09.02.2016 - ൽ മറുപടിക്ക്.**

## ചടയമംഗലം നിയോജക മണ്ഡലത്തിലെ വികസന പദ്ധതികൾ

ചോദ്യം
ശ്രീ. മുല്ലക്കര രത്നാകരൻ.

**മറുപടി**
**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)**

(എ) ചടയമംഗലം നിയോജക മണ്ഡലത്തിൽ 2011 മേയ് മാസം മുതൽ 2015 ഡിസംബർ വരെ വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മുഖേന എന്തെങ്കിലും വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര തുക ലഭ്യമാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

(എ) : ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ 2011 മെയ് മാസം മുതൽ 2015 ഡിസംബർ വരെ വ്യവസായ വകുപ്പ് മുഖേന സംരംഭകത്വ സഹായ പദ്ധതി, സംസ്ഥാന നിക്ഷേപ സഹായധനം എന്നീ വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

സംരംഭകത്വ സഹായ പദ്ധതിയിൽ 6,67,367/- രൂപയും സംസ്ഥാന നിക്ഷേപ സഹായധന പദ്ധതിയിൽ 8, 33, 151/- രൂപയും സംരംഭകർക്ക് നൽകിയിട്ടുണ്ട്.

ഖാദി മേഖലയുടെ ആധുനിക വത്കരണത്തിന് 7,44,650/- രൂപയും, എന്റെ ഗ്രാമം വായ്പ പദ്ധതി പ്രകാരം നാല് വ്യവസായ യൂണിറ്റുകൾക്ക് 2,30,107/-രൂപ മാർജിൻ മണി ഗ്രാന്റായും പ്രധാനമന്ത്രിയുടെ ഗ്രാമീണ തൊഴിൽദാന പദ്ധതി പ്രകാരം പുതിയതായി അനുവദിച്ച 3 യൂണിറ്റുകൾക്ക് 12.17/- ലക്ഷം രൂപ മാർജിൻ മണി ഗ്രാന്റായും അനുവദിച്ചിട്ടുണ്ട്.

കൈത്തറി ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ.

ജക/03/02